# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 06 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പിഎൻ പണിക്കർ അനുസ്മരണവും ക്വിസ് മത്സരവും നടത്തി

ജില്ലാ വിദ്യാഭ്യാസ വകുപ്പും പിഎൻ പണിക്കർ ഫൗണ്ടേഷനും സംയുക്തമായി വായനാമാസാചരണത്തോടനുബന്ധിച്ച് ഗവ. മോഡൽ ഗേൾസ് എച്ച്.എസിൽ പിഎൻ പണിക്കർ അനുസ്മരണവും ക്വിസ് മത്സരവും നടത്തി. പിഎൻ പണിക്കർ സ്മാരക പുരസ്ക്കാര ജേതാവ് അഡ്വ. എ.യു. രഘുരാമൻ പണിക്കർ ഉദ്ഘാടനം നിർവഹിച്ചു. പി.എൻ പണിക്കർ ഫൗണ്ടേഷൻ ജില്ലാ കോ ഓർഡിനേറ്റർ കെ.കെ. സീതാരാമൻ അധ്യക്ഷനായി. ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ വി.പി. സുലഭകുമാരി, പ്രൊഫ. ജോർജ് അലക്സ്, സ്കൂൾ പ്രിൻസിപ്പൽ എം.ജി. ലതാദേവി, കെ.എ. ഷൈല തുടങ്ങിയവർ പ്രസംഗിച്ചു. ക്വിസ് മത്സരത്തിൽ ഒല്ലൂർ സെന്റ്മേരീസ് സിജിഎച്ച്എസ് വിദ്യാർഥിനി കൃഷ്ണപ്രിയ വി ഒന്നാംസ്ഥാനവും , ചെവ്വൂർ സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ വിദ്യാർഥി അജയ് പവൻ കെ.ജി. രണ്ടാംസ്ഥാനവും, ചെങ്ങാലൂർ സെന്റ്മേരീസ് ഹൈസ്കൂൾ വിദ്യാർഥി സുദേവ് പി.എസ്. മൂന്നാംസ്ഥാനവും നേടി.

## മരപ്പട്ടികളുടെ അസ്വാഭാവിക മരണം : ആശങ്കപ്പെടേണ്ടതില്ലെന്ന് മൃഗസംരക്ഷണവകുപ്പ് അധികൃതർ

വടക്കാഞ്ചേരി മണലിത്തറയിലുണ്ടായ മരപ്പട്ടികളുടെ കൂട്ടമരണത്തിൽ ആശങ്കവേണ്ടെന്ന് ആരോഗ്യവിദഗ്ധർ. കാനിയൻ ഡിസ്റ്റെമ്പർ വൈറസ് ബാധമൂലമാണ് മരപ്പട്ടികൾ ചത്തതെന്നും മനുഷ്യരിലേക്ക് ഈ വൈറസ് പകരാൻ സാധ്യതയില്ലെന്നും അധികൃതർ അറിയിച്ചു. മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്ക് ഇത് പടരാൻ സാധ്യതകളേറെയാണെന്നും ആവശ്യത്തിന് പ്രതിരോധവാക്സിൽ കരുതലുണ്ടെന്നും അധികൃതർ പറഞ്ഞു. പാലക്കാട് റീജ്യണൽ ഡിസിസ് ഡയഗണോസിസിലെ പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യവിദഗ്ധരുടെ പ്രതികരണം. വൈറസ് ബാധ തടയുന്നതിനായി മരപ്പട്ടികളുടെ ജഡം ദ്രുതഗതിയിൽ സംസ്ക്കരിക്കുന്നതിനുള്ള നടപടികളും അധികൃതർ സ്വീകരിച്ചു.

## ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നടത്തണം

മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ അധികൃതർ 'ബോഗ്' സംവിധാനം മുഖേന ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റിന്റെ പകർപ്പ് മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയത്തിൽ നൽകണമെന്ന് അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു. ഫോൺ : 0495-2367735.

## പരാതി പരിഹാരസെൽ 18 ന്

ഒളരിക്കര ഇഎസ്ഐ ആശുപത്രിയിലെ പരാതിപരിഹാരസെൽ ജൂലൈ 18 വൈകീട്ട് 3 ന് സൂപ്രണ്ടിന്റെ ഓഫീസിൽ ചേരും. സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച പരാതി ഓഫീസിൽ സമർപ്പിക്കാമെന്ന് സൂപ്രണ്ട് അറിയിച്ചു. ഫോൺ : 0487-2361239.

## പോളിടെക്നിക്ക് സ്പോട്ട് അഡ്മിഷൻ

ജില്ലയിലെ വിവിധ പോളിടെക്നിക്കുളിൽ ഒഴിവുള്ള ഡിപ്ലോമ സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ജൂലൈ ഒൻപത് രാവിലെ എട്ട് മണിക്ക് തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തും. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂലൈ എഴ് മുതൽ ഏട്ടിന് വൈകീട്ട് മൂന്ന് മണിവരെ www.polyadmission.org എന്ന വെബ്സൈറ്റിൽ രജിസ്ട്രർ ചെയ്യണം. രജിസ്റ്റർ ചെയ്തവരെ ഉൾപ്പെടുത്തികൊണ്ടുള്ള റാങ്ക് ലിസ്റ്റ് ജൂലൈ എട്ടിന് അഞ്ച് മണിക്ക് പോളി അഡ്മിഷൻ സൈറ്റിൽ പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിൽ സ്ട്രീം ഒന്നിൽ ഉൾപ്പെട്ടവർ ജൂലൈ ഒൻപതിനും രണ്ടിൽ ഉൾപ്പെട്ടവർ ജൂലൈ പത്തിനും തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ രാവിലെ എട്ടിന് അലോട്ട്മെന്റ് മെമ്മോയും എല്ലാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം എത്തണം. മുൻപ് അഡ്മിഷൻ എടുത്തിട്ടുള്ളവർ അഡ്മിഷൻ സ്ലിപ്പും ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം അഭിമുഖത്തിന് പങ്കെടുക്കണം. നിശ്ചിത സമയത്ത് ഹാജരാകാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതും അടുത്ത റാങ്കുക്കാരന് അനുവദിക്കുന്നതുമാണ്. പ്രവേശനം നേടുന്നവർ ഏകദേശം ആറായിരം രൂപ കൈവശം കരുതണം. ഒന്നിലധികം ജില്ലകളിൽ ഒരേ സമയം സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോറം പൂരിപ്പിച്ച് ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിറ്റുകളുടെ പകർപ്പ് സഹിതം പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾ www.polyadmission.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2333290.

## പോളി പ്രവേശനം: ലാട്രൽ എൻട്രി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ലാട്രൽ എൻട്രി വഴിയുള്ള പോളിടെക്നിക്ക് ഡിപ്ലോമ പ്രവേശനത്തിന് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് www.mtithrissur.ac.in കോളേജ് വെബ്സെറ്റിലും, കോളേജ് നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ജൂലൈ എട്ടിന് രാവിലെ പത്തിന് കൗൺസിലിങ് മുഖേന അഡ്മിഷൻ നടത്തും. അഡ്മിഷന് വരുന്ന വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിറ്റും ഫീസ് ഇനത്തിൽ ഏകദേശം പതിനാറായിരം രൂപ കയ്യിൽ കരുതണം. ഒന്നിലധികം സ്ഥാപനങ്ങളിൽ ഒരേ സമയം അഡ്മിഷന് പങ്കെടുക്കുന്നവർ നിശ്ചിത മാതൃകയിലുള്ള പ്രോക്സി ഫോറം പൂരിപ്പിച്ച് ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിറ്റുകളുടെ പകർപ്പ് സഹിതം പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾ www.polyadmission.org എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ : 0487-2333290.

## 15 ലക്ഷം രൂപ വരെ ബിസിനസ്സ് വായ്പ

പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ തൃശൂർ ഓഫീസിൽ നിന്നും ഒബിസി വിഭാഗക്കാർക്കും മുസ്ലീം, കൃസ്ത്യൻ വിഭാഗക്കാർക്കും 15 ലക്ഷം രൂപ വരെ ബിസിനസ്സ് വായ്പ നൽകുന്നു. ആറ് ശതമാനം മുതൽ എട്ട് ശതമാനം വരെ തലപ്പിള്ളി, കുന്നംകുളം താലൂക്ക് ഒഴികെ തൃശൂർ ജില്ലയിലെ മറ്റ് താലൂക്ക് നിവാസികളായ 18 നും 55 നും മദ്ധ്യേ പ്രായമുള്ളവർക്ക് പുതിയ ബിസിനസ്സ് തുടങ്ങുന്നതിനും നിലവിലുള്ളവ വികസിപ്പിക്കുന്നതിനും വായ്പയ്ക്ക് അപേക്ഷിക്കാം. ഫോൺ : 0487-2424212, 2424214.

# പുനർദർഘാസ്

വനിതാ ശിശുവികസനവകുപ്പിന്റെ കീഴിലുള്ള ഐസിഡിഎസ് കൊടകര അഡീഷണൽ പ്രോജക്ടിൽ കരാർ വ്യവസ്ഥയിൽ വാഹനം ഓടിക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 20 ഉച്ചയ്ക്ക് രണ്ട് മണി. ഫോൺ : 0480-2727990.

# ലോക ജന്തുജന്യരോഗനിവാരണ ദിനം ആചരിച്ചു

ലോക ജന്തുജന്യരോഗനിവാരണ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസ് കോൺഫറൻസ് ഹാളിൽ കോർപ്പറേഷൻ ആരോഗ്യകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷ എം എൽ റോസ്സി നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. കെ ജെ റീന അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡിഎംഒ ഡോ. അനൂപ് ടി കെ സ്വാഗതം ആശംസിച്ച ചടങ്ങിൽ സ്റ്റേറ്റ് എപിഡിയമോളോജിസ്റ് ഡോ. എ സുകുമാരൻ മുഖ്യാതിഥിയായി. ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ ഡോ. കാവ്യ കരുണാകരൻ സെമിനാർ അവതരിപ്പിച്ചു. പേവിഷബാധക്ക് എതിരായി വാക്സിന് കണ്ടുപിടിച്ച ലൂയി പാസ്റ്റർ ജോസഫ് മെസ്റ്റൻ എന്ന ബാലനിൽ വാക്സിൻ കുത്തി വെച്ചതിന്റെ ഓർമ്മയ്ക്കായാണ് ലോക ജന്തുജന്യരോഗനിവാരണ ദിനം ആചരിക്കുന്നത്.

മനുഷ്യരിൽ നിന്ന് മൃഗങ്ങളിലേക്കും മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും നേരിട്ടോ അല്ലാതെയോ പകരുന്ന രോഗങ്ങൾ ജന്തുജന്യരോഗങ്ങളാണ് ജന്തുജന്യ രോഗങ്ങൾ. റേബീസ്, ബ്രൂസിലോസിസ്, ജാപ്പനീസ് എൻസഫലൈറ്റിസ്, പ്ലേഗ്, എലിപ്പനി, സ്ക്രബ്ബ് ടൈഫസ് തുടങ്ങിയവയാണ് ഇന്ത്യയിൽ പ്രധാനമായി കാണപ്പെടുന്ന ജന്തുജന്യ രോഗങ്ങൾ. ഏവിയൻ ഇൻഫ്ലുവെൻസ, നിപ്പ , ക്രിമിയൻ കോംഗോ ഹെമറേജിക് ഫീവർ, എച്ച് വൺ എൻ വൺ തുടങ്ങിയവയുടെ സാന്നിദ്ധ്യം ജന്തുജന്യ രോഗങ്ങളെക്കുറിച്ച് അവബോധമുണ്ടാകുന്നതിന്റെ പ്രാധാന്യം കൂട്ടി.

ഡോക്ടർമാർ, മൃഗ ഡോക്ടർമാർ, ശാസ്ത്രജ്ഞന്മാർ, പരിസ്ഥിതി പ്രവർത്തകർ, സർക്കാർ ജീവനക്കാർ എന്നിവർ ഒരുമിച്ച് ചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഓർമിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ ദിവസം ആചരിക്കുന്നത്. ജന്തുജന്യരോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുകയും പൊതുജനങ്ങളിലും കുട്ടികളിലും അവബോധം വളർത്തുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

# ബസാർ റോഡ് നവീകരണം ഉടൻ പൂർത്തിയാക്കണം: മനുഷ്യാവകാശ കമ്മീഷൻ

തൃശൂർ പുതുകാട് ബസാർ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.റോഡ് സർവെ നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ആവശ്യപ്പെട്ടു. നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട് 12 മാസം കഴിഞ്ഞ് ലാപ്സായി പോകുമെന്നതിനാൽ ജില്ലാകളക്ടറും പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറും അടിയന്തിര നടപടികൾ പൂർത്തിയാക്കി ഉത്തരവ് മൂന്നുമാസത്തിനകം നടപ്പിലാക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. പുതുകാട് ടൗണിലെ ബസാർ റോഡിലെയും താലൂക്ക് ആശുപത്രി റോഡിലെയും കൈയേറ്റം ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് ജോയി മഞ്ഞളി നൽകിയ പരാതിയിലാണ്

നടപടി. കമ്മീഷൻ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് വാങ്ങി. കൈയേറ്റങ്ങൾ അളക്കാൻ ജില്ലാ സർവേ സൂപ്രണ്ട് സർവെയർമാരെ നിയോഗിച്ചുണ്ടെന്നാണ് റിപ്പോർട്ട്. സർവേ നടപടികൾ പുരോഗമിക്കുകയാണ്. പുതുക്കാട് ബസാർ റോഡ്, ചെറുവാൾ റോഡ് എന്നിവ വികസിപ്പിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ജില്ലാ സർവെ സൂപ്രണ്ട് അളന്നു നൽകുന്ന കൈയേറ്റങ്ങൾ പൊതുമരാമത്ത് വകുപ്പ് ഒഴിപ്പിക്കുമെന്നും റിപ്പോർട്ടിലുണ്ട്. റോഡ് നവീകരണത്തിന് കൈയേറ്റങ്ങൾ അളന്ന് തിട്ടപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ജില്ലാ സർവേ സൂപ്രണ്ടിന് കത്ത് നൽകിയിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നു. ബസാർ റോഡിന്റെ നവീകരണ ഉദ്ഘാടനം നടത്തിയെങ്കിലും മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് പരാതിക്കാരൻ അറിയിച്ചു. രാഷ്ട്രീയ ഇടപെടൽ കാരണമാണ് പ്രവർത്തനം തുടങ്ങാത്തതെന്നും പരാതിക്കാരൻ അറിയിച്ചു. നിർമ്മാണ കാലാവധി 12 മാസമാണെന്ന് റിപ്പോർട്ടിലുണ്ട്.

## വാടകവീട്ടിൽ നിന്നും ഇറക്കി വിട്ട കുടുംബത്തിന് ജില്ലാ ഭരണകൂടത്തിന്റെ തണൽ

വാടകവീട്ടിൽ നിന്നും ഇറക്കി വിട്ടതിനെ തുടർന്ന് വഴിയാധാരമായ നിർദ്ധനകുടുംബത്തിന് താങ്ങായി ജില്ലാ ഭരണകൂടം. വാടകവീട്ടിൽ നിന്നും പുറംതള്ളിയതോടെ വഴിയോരത്ത് താമസിക്കേണ്ടിവന്ന കുടുംബത്തിനാണ് നഗരത്തിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പിന്റെ സഹകരണത്തോടെ നിർമ്മിച്ച ഫ്ളാറ്റ് ജില്ലാഭരണകൂടം നൽകിയത്. ഫ്ളാറ്റിന്റെ താക്കോൽദാനം ജില്ലാ കളക്ടർ എസ് ഷാനവാസ് നിർവഹിച്ചു. വാടക കൊടുക്കാൻ സാധിക്കാതതിനാൽ വീട്ടിൽ നിന്നും കുടിയിറക്കപ്പെട്ട മുരളീധരൻ, തങ്കമണി, ഹരിശങ്കർ എന്നിവർക്കാണ് ഇതോടെ സ്ഥിരം താമസസൗകര്യമായത്. കോർപറേഷൻ ഓഫീസിനു മുന്നിൽ വഴിയോരത്ത് താമസിച്ചു വരികയായിരുന്ന ഇവരുടെ സ്ഥിതി കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാറിന്റെ ശ്രദ്ധയിൽപ്പെടുകയും അടിയന്തിരമായി ഇവരെ രാമവർമ്മപുരം സർക്കാർ വൃദ്ധസദനത്തിൽ മാറ്റുകയുമായിരുന്നു. തുടർന്നാണ് 'ഭൂമിഗീതം' ഫ്ളാറ്റിലേക്ക് ഇവർക്ക് താമസസൗകര്യമൊരുക്കിയത്. ജില്ലയുടെ ചുമതലയേറ്റ ആദ്യദിനത്തിൽ കളക്ടർ എസ് ഷാനവാസ് ഫ്ളാറ്റിന്റെ താക്കോൽദാനം നിർവഹിക്കാനും സ്നേഹാശംസകൾ അറിയിക്കാനും എത്തി. ജില്ലാ സാമൂഹ്യ നീതി ഓഫീസർ കെ.ജി.വിൻസെന്റ്, ബിനി സെബാസ്റ്റ്യൻ, മാർഷൽ സി രാധാകൃഷ്ണൻ, ജ്യോതി, രവി, ഡെനിൻ എന്നിവർ സന്നിഹിതരായി.

## സിറ്റിങ് ജൂലൈ എട്ടിന്

മനുഷ്യാവകാശ കമ്മീഷൻ സിറ്റിങ് ജൂലൈ എട്ട് രാവിലെ 11 ന് തൃശൂർ പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കും.

## താൽക്കാലിക നിയമനം

ജലകൃഷി വികസന ഏജൻസി പ്രോജക്ട് അസിസ്റ്റന്റ് (അഗ്രികൾച്ചർ), പ്രോജക്ട് അസിസ്റ്റന്റ് (ഫിഷറീസ്) തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നു. പ്രോജക്ട് അസിസ്റ്റന്റ് (അഗ്രികൾച്ചർ) തസ്തികയിൽ ബിഎസ്സി അഗ്രികൾച്ചർ ആണ് യോഗ്യത. പ്രോജക്ട് അസിസ്റ്റന്റ് (ഫിഷറീസ്) തസ്തികയിൽ ബിഎഫ്എസ്സി അല്ലെങ്കിൽ എംഎസ്സി (ഇൻഡസ്ട്രിയൽ ഫിഷറീസ്/മറൈൻ ബയോളജി/അക്വാട്ടിക് ബയോളജി/സുവോളജി) ആണ് യോഗ്യത. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 17 രാവിലെ 11 ന് അഡാക്കിന്റെ തേവരയിലുള്ള കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. : ഫോൺ 0484-2665479.

# കമ്പ്യൂട്ടർ കോഴ്സ്

തൃശൂർ കെൽട്രോൺ സെന്ററിൽ കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ് വർക്ക് മെയിന്റനൻസ് വിത്ത് ലാപ്ടോപ്പ് ടെക്നോളജി, കമ്പ്യൂട്ടർ ഹാർഡ് വെയർ ആൻഡ് നെറ്റ് വർക്ക് മെയിന്റനൻസ് വിത്ത് ഇ-ഗാഡ്ജെറ്റ് ടെക്നോളജി എന്നീ ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഫോൺ : 0487-2429000.